"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കടലിൽ പോകുന്ന മത്സ്യ തൊഴിലാളികൾക്ക് ചികിത്സയും ആരോഗ്യപരിപാലനവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന "ആയുർസാഗര സാന്ത്വനം" പദ്ധതിയിൽ തെറാപ്പിസ്റ്റിനെ നിയമിക്കുന്നതിനും നഗരസഭാ പരിധിയിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലേയും ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെയും സ്പോർട്സിൽ ആക്ടീവായ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന പരിക്കുകൾക്ക് യഥാസമയം ചികിത്സ നൽകുന്നതിനായി നടപ്പാക്കുന്ന "സാർക്ക് മൊബൈൽ പദ്ധതി"ക്ക് കീഴിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിനും തിരുവനന്തപുരം നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.361/2022/LSGD തീയതി,തിരുവനന്തപുരം, 19-02-2022

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2021, 01.01.2022 തീയതികളിലെ ലെ കത്ത് (SRG 704/21, CC/547/21)
2. )1.1.01.2022-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.9

ഉത്തരവ്

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സമയത്തുള്ള പ്രതികൂല സാഹചര്യങ്ങൾ കൊണ്ടുണ്ടാകാവുന്ന ക്ഷതങ്ങൾക്കുള്ള ചികിത്സയും ആരോഗ്യപരിപാലനവും അവരുടെ തൊഴിൽ സമയത്തെ ബാധിക്കാതെ ഒപി ആയി സൗജന്യമായി സേവനം നൽകുക എന്ന ലക്ഷ്യത്തോടെയുള്ള "ആയുർസാഗര സാന്ത്വനം" പദ്ധതിക്കായി തിരുവനന്തപുരം നഗരസഭയുടെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക (4,34,000/-രൂപ- വികസനഫണ്ട് ജനറൽ) വകയിരുത്തിയിരുന്നു. കൂടാതെ നഗരസഭാ പരിധിയിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലേയും ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെയും സ്പോർട്സിൽ ആക്ടീവായ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന പരിക്കുകൾക്ക് യഥാസമയം ചികിത്സ നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള മൊബൈൽ ചികിത്സാ സംവധാനത്തോട് കൂടിയ സാർക്ക് മൊബൈൽ എന്ന പ്രോജക്ടിന്റെ പ്രവർത്തനത്തിന് ആവശ്യമായ തുക (11,76,040/- രൂപ - വികസനഫണ്ട്) തിരുവനന്തപുരം കോർപറേഷൻ വകയിരുത്തിയിരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് "ആയുർസാഗര സാന്ത്വനം" പദ്ധതിയിൽ തെറാപ്പിസ്റ്റിനേയും സാർക്ക് മൊബൈൽ പദ്ധതിക്ക് കീഴിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസറേയും നിയമിക്കുന്നതിന് അനുമതി നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു.

2. സേവനം സർക്കാർ ആയുർവേദ ആശുപത്രിയുമായി ചേർന്നു വേണം നൽകേണ്ടത് എന്ന വ്യവസ്ഥയിൽ നിയമനം സംബന്ധിച്ച് നിലവിലെ മാനദണ്ഡ പ്രകാരം തെറാപ്പിസ്റ്റിനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ "ആയുർസാഗര സാന്ത്വനം" പദ്ധതിയിൽ തെറാപ്പിസ്റ്റിനെ നിയമിക്കുന്നതിനും ഡോക്ടർമാരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം പാലിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, യോഗ്യതയുള്ള സ്പോർട്സ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെന്ന നിബന്ധനയോടെ സാർക്ക് മൊബൈൽ പദ്ധതിക്ക് കീഴിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിനും തിരുവനന്തപുരം നഗരസഭയ്ക്ക് അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സേവനം സർക്കാർ ആയുർവേദ ആശുപത്രിയുമായി ചേർന്നു വേണം നൽകേണ്ടത് എന്ന വ്യവസ്ഥയിൽ നിയമനം സംബന്ധിച്ച് നിലവിലെ മാനദണ്ഡ പ്രകാരം തെറാപ്പിസ്റ്റിനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ "ആയുർസാഗര സാന്ത്വനം" പദ്ധതിയിൽ തെറാപ്പിസ്റ്റിനെ നിയമിക്കുന്നതിനും ഡോക്ടർമാരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം പാലിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, യോഗ്യതയുള്ള സ്പോർട്സ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെന്ന നിബന്ധനയോടെ "സാർക്ക് മൊബൈൽ പദ്ധതി"ക്ക് കീഴിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിനും തിരുവനന്തപുരം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,
Ramkum
സെക്ഷൻ ഓഫീസർ.

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്